(ബി) എത്ര കേസ്സുകൾ കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട് ;

(സി) പിൻവലിക്കാൻ അനുമതി തേടിയ കേസ്സുകളുടെയും ഉൾപ്പെട്ട പ്രതികളുടെയും വിശദവിവരം നൽകുമോ ;

(ഡി) എത്ര കേസ്സുകളിൽ കോടതി അനുമതി നിഷേധിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്റ്റേഷനുകളിൽ കേസ്സുകളിൽപ്പെട്ട് കെട്ടിക്കിടക്കുന്ന വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി

23 (5932) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കേസുകളുമായി ബന്ധപ്പെട്ടും അല്ലാതെയും, നൂറുകണക്കിന് വാഹനങ്ങൾ പിടിച്ചിട്ടിട്ടുള്ള വിവരം സർക്കാരിനറിവുണ്ടോ ;

(ബി) ഓരോ സ്റ്റേഷനിലും ഇത്തരത്തിലുള്ള വാഹനങ്ങളുടെ കണക്ക് സൂക്ഷിക്കാറുണ്ടോ ; ഇത്തരം വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതുമൂലം പരിസരത്തെ റോഡുവക്കുകളിൽ കൂട്ടിയിടുന്നതുകൊണ്ടുള്ള ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) അറിവുണ്ട്.

(ബി) സൂക്ഷിക്കാറുണ്ട്. സ്ഥല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിയാവുന്നിടത്തോളം ഗതാഗതപ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലാണ് വാഹനങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. 5-4-2009-ലെ 89584/ജി3/2008/ആഭ്യന്തര നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം പിടിച്ചെടുത്ത വാഹനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിലെ വാഹനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിന് നടപടി

24 (5933) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിലെ വാഹനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുംവേണ്ടി വകുപ്പിനുകീഴിൽ സംസ്ഥാനത്ത് എത്ര വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly